# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 664

19.03.2013ൽ
മറുപടിക്ക്

### എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരിം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ പ്രായോഗികതയും ഭൗതീകവും സാമ്പത്തികവുമായ നേട്ടങ്ങളും വിലയിരുത്തുകയുണ്ടായോ; | എ) എമർജിംഗ് കേരളയിൽ അവതരിപ്പിക്കപ്പെട്ട വിവിധവകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങളെല്ലാം തന്നെ വിദഗ്ദ്ധ പരിശോധനകൾ നടത്തി , ഇവയിൽനിന്നും കേരളത്തിന്റെ പരിസ്ഥിതിക്കും സാഹചര്യത്തിനും ഉതകുന്ന പദ്ധതി നിർദ്ദേശങ്ങളെ മാത്രം തെരഞ്ഞെടുക്കുന്നതാണ്. അവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് അതത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പദ്ധതികളുടെ സാമൂഹ്യപ്രസക്തിയും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും സംസ്ഥാനത്തിന്റെ പ്രയോജനവും വിശകലനം ചെയ്തിട്ടുണ്ടോ; ഇത് ഏത് ഏജൻസി വഴിയാണ് നടത്തിയത്; വിശദമാക്കാമോ. | ബി) ആവശ്യമായ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനവും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസും ലഭ്യമാക്കിവരുന്നു. |

സി) പദ്ധതികൾക്കാവശ്യമായി വരുന്ന സ്ഥലത്തിന്റെ ലഭ്യത ഉറപ്പായിട്ടുണ്ടോ; വിശദമാക്കാമോ;

ഡി) ഇൻവെസ്റ്റ്മെൻറ് ക്ലിയറൻസ് ബോർഡ് ഇതു സംബന്ധിച്ച് എന്തെല്ലാം ശുപാർശകൾ നൽകിയിട്ടുണ്ട്. വിശദമാക്കാമോ?

സി &ഡി )വ്യവസായ വകുപ്പിന് കീഴിൽ പുരോഗമിക്കുന്ന പദ്ധതികളുടെ സ്ഥല ലഭ്യതയും ഉറപ്പുവരുത്തുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി, കിൻഫ്ര മുതലായ ഏജൻസികളുടെ വ്യവസായ പാർക്ക്/ ഗ്രോത്ത് സെന്ററുകൾ ഇവയിലാണ് ചില പദ്ധതികൾ നടക്കുന്നത്. പദ്ധതിക്കാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയെക്കുറിച്ച് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് ശുപാർശകൾ നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ